പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2972    18.06.2019-ൽ മറുപടി നൽകേണ്ടത്**

**തൊഴിൽ നൈപുണ്യ വിദ്യാഭ്യാസം നൽകാൻ പദ്ധതി**

| | ചോദ്യം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ | | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഹയർ സെക്കന്ററി തലത്തിൽ അക്കാഡമിക് വിഷയങ്ങൾക്ക് ഒപ്പം തൊഴിൽ നൈപുണ്യ വിദ്യാഭ്യാസവും നൽകുവാൻ പൊതു വിദ്യാഭ്യാസവകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ആദ്യഘട്ടത്തിൽ തെരഞ്ഞെടുത്ത ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലാണ് നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംഗ് വർക്ക്(NSQF) നടപ്പിലാക്കുന്നത്. 2018-19 വർഷം 66 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും 2019-20 വർഷം 35 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും ദേശീയ തൊഴിൽ നൈപുണി പാഠ്യ പദ്ധതിയായ എൻ.എസ്.ക്യു.എഫ് പ്രകാരമുള്ള കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | ഏതൊക്കെ മേഖലയിലാണ് തൊഴിൽ നൈപുണ്യ കോഴ്സുകൾ നടത്തുന്നത്; | ബി) | 1. കൃഷി<br>2. അപ്പാരൽസ്, മെയ്ഡ് അപ്പ് & ഹോം ഫർണിഷിംഗ്<br>3. ആട്ടോമോട്ടീവ്<br>4. ബ്യൂട്ടി & വെൽനസ്സ്<br>5. ഇലക്ട്രോണിക്സ് & ഹാർഡ് വെയർ<br>6. IT/ITeS<br>7. റീട്ടയിൽ<br>8. പ്ലംബിംഗ്<br>9. പവർ<br>10. ടെലികോം<br>11. ടൂറിസം & ഹോസ്പിറ്റാലിറ്റി<br>12. ഹെൽത്ത് കെയർ. |
| (സി) | തൊഴിൽ നൈപുണ്യ ചട്ടക്കൂട് (എൻ.എസ്.ക്യു.എഫ്) കോഴ്സുകൾ ഒരു വർഷം എത്ര മണിക്കൂർ നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത്; | (സി) | 300 മണിക്കൂർ |
| (ഡി) | നിലവിൽ എത്ര ശതമാനം വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് തൊഴിൽ നൈപുണ്യ കോഴ്സുകൾ ആരംഭിക്കുന്ന തെന്നും ശേഷിക്കുന്ന സ്ഥലങ്ങളിൽ ഈ പദ്ധതി എന്നത്തേക്ക് പ്രാവർത്തിക മാക്കുവാനാണ് ഉദ്ദേശിക്കുന്ന തെന്നും വ്യക്തമാക്കുമോ? | (ഡി) | ആകെയുള്ള 389 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നും തെരഞ്ഞെടുത്ത 101 ഗവ. സ്കൂളുകളിൽ (26 %) ആണ് ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്നത്. തുടർന്ന് ഘട്ടം ഘട്ടമായി ശേഷിക്കുന്ന സ്കൂളുകളിലും ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ